കോഴിക്കോട് ജില്ലയിലെ പുതിയാപ്പയിൽ ഫിഷിംഗ് ഹാർബർ

99. [117] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിലെ പുതിയാപ്പയിൽ ഒരു ഫിഷിംഗ് ഹാർബർ തുടങ്ങുന്നതിനുള്ള നടപടികൾ എടുത്തോയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

പുതിയാപ്പയിൽ ഒരു മത്സ്യ ബന്ധന തുറമുഖം നിർമ്മിക്കുന്നതിനു വേണ്ടി 527 ലക്ഷം രൂപ വരുന്ന ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി 1982-ൽ കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ആയത് കേന്ദ്ര ഗവൺമെൻറിന്റെ പരിഗണനയിലിരിക്കുകയാണ്. എന്നാൽ ഏഴാം പഞ്ചവത്സര പദ്ധതിയിൽ മത്സ്യബന്ധന തുറമുഖങ്ങൾക്കായി നീക്കിവച്ച തുക പരിമിതമായതിനാൽ ഈ തുറമുഖ നിർമ്മാണത്തിന് തല്ക്കാലം അനുമതി നല്കുവാൻ സാദ്ധ്യമല്ലെന്ന് കഴിഞ്ഞ ഏപ്രിൽ മാസത്തിൽ സംസ്ഥാന ഗവൺമെൻറിനെ അറിയിപ്പിച്ചിട്ടുണ്ട്.

കുമളിയിൽ ഫിഷറീസ് ഓഫീസ്

100. [118] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇടുക്കിയിൽ പുതുതായി ആരംഭിച്ച ഫിഷറീസ് ആഫീസ് കുമളിയിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

ആവശ്യമായ നിർദ്ദേശം ഫിഷറീസ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

മൽസ്യത്തൊഴിലാളി ഗ്രാമ സംഘങ്ങൾ

101 [119] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ പ്രവർത്തനക്ഷമമായ ഏത്ര മൽസ്യത്തൊഴിലാളി ഗ്രാമ സംഘങ്ങൾ നിലവിലുണ്ട് ;

(ബി) അവ നടപ്പിലാക്കി കൊണ്ടിരിക്കുന്ന പരിപാടികൾ എന്തൊക്കെയാണ് ;

(സി) മൽസ്യത്തൊഴിലാളി ഗ്രാമ സഹകരണ സംഘങ്ങളുടെ ഭരണം മൽസ്യത്തൊഴിലാളികൾ തിരഞ്ഞെടുക്കുന്ന സമിതിയെ ഏൽപ്പിക്കാൻ ഉദ്ദേശമുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്നത്തേക്ക് അത് നിലവിൽവരുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇരുനൂറ്റി ഇരുപത്തി രണ്ട്.

(ബി) മത്സ്യഫെഡിന്റെയും മൽസ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെയും എല്ലാ പരിപാടികളും മത്സ്യത്തൊഴിലാളി ക്ഷേമസംഘങ്ങൾ വഴിയാണ് നടപ്പിലാക്കുന്നത്.

എൻ. സി. ഡി. സി. യുടെ സഹായത്തോടെ നൈലോൺ വലയുടെ വിതരണം, നാടൻ വള്ളങ്ങളും, ഫൈബർഗ്ലാസ് ബോട്ടുകളും നൽകുക, ഔട്ട്ബോർഡ് മോട്ടോറുകളുടെ വിതരണം, ബീച്ച് ലാൻറിംഗ് ക്രാഫ്റ്റ് നൽകുക, മൽസ്യ കൃഷിയിടങ്ങളിലെ അറകുറ്റപ്പണികൾ, മീൻ കുഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly